**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1634** **19-09-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഭൂമി പാട്ടത്തിന് നല്കുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇന്ത്യൻ കോഫീ ബോർഡ് വർക്കേഴ്സ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി ലിമിറ്റഡിന് സംസ്ഥാനത്ത് എവിടെയെങ്കിലും സർക്കാർ ഭൂമി പാട്ടത്തിന് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഇന്ത്യൻ കോഫി ബോർഡ് വർക്കേഴ്സ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി ലിമിറ്റഡിന് സംസ്ഥാനത്ത് എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ മാത്രമാണ് സർക്കാർ ഭൂമി പാട്ടവ്യവസ്ഥയിൽ അനുവദിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിൽ, കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിൽ സർവ്വെ നം. 817-ൽപ്പെട്ട 4.2 സെന്റ് (01. 70 ആർ) പുറമ്പോക്ക് ഭൂമിയാണ് ഇന്ത്യൻ കോഫി ബോർഡ് വർക്കേഴ്സ് സൊസൈറ്റിക്ക് പാട്ടത്തിന് നൽകിയിട്ടുള്ളത്. |
| (ബി) | ഉണ്ടെങ്കിൽ ഏത് നിരക്കിലാണ് പാട്ടം നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | 2004 മുതൽ 2016 വരെ പാട്ടഭൂമിയുടെ കമ്പോളവിലയുടെ 5% നിരക്കിലും 2016 മുതൽ 2% നിരക്കിലും ആണ് പാട്ടം നിശ്ചയിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത ഭൂമിക്ക് പാട്ടകുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിലെ പാട്ട ഭൂമിക്ക് പാട്ട കുടിശ്ശിക വരുത്തിയിട്ടുള്ളതാണ്. ടി സ്ഥലത്തിൻറ്റെ 2001 മുതൽ 2021- 22 വരെയുള്ള പാട്ടക്കുടിശ്ശിക 1,07,53,561 രൂപയും നികുതി കുടിശ്ശിക 35,66,096/- രൂപയും ഉൾപ്പെടെ 1,43,19,657/- രൂപയാണ്. പാട്ടകുടിശ്ശിക ഈടാക്കുന്നതിനെതിരെ സ്ഥാപനം ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP( C)No.5641/22 നമ്പർ കേസ് നിലവിൽ ഉള്ളതുമാണ്. |
| (ഡി) | ഇത സംബന്ധിച്ച് ജില്ലാ കളക്ടർമാരിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാമോ; | (ഡി) | ഉണ്ട്. എറണാകുളം ജില്ലയിൽ മാത്രമാണ് സർക്കാർ ഭൂമി പാട്ടത്തിനു അനുവദിച്ചിട്ടുള്ളത്. മറ്റ് ജില്ലകളിൽ ടി സ്ഥാപനത്തിന് സർക്കാർ ഭൂമി പാട്ടത്തിനു അനുവദിച്ചിട്ടില്ല എന്ന് ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |
| (ഇ) | കോഴിക്കോട് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലെ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള ഭൂമി ഇന്ത്യൻ കോഫീ ബോർഡ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് പാട്ടത്തിന് നൽകുന്നതിന് | (ഇ) | പൊതുമരാമത്ത് വകുപ്പിന് കെട്ടിടവികസനവുമായി ആവശ്യമായി വരുമ്പോൾ യാതൊരു നിബന്ധനയും ഇല്ലാതെ തിരികെ നൽകണമെന്ന വ്യവസ്ഥയോടെ |

| | | | |
|---|---|---|---|
| | പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള മറ്റു തടസ്സങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ? | | പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് എതിർപ്പില്ല എന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ